പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5460 — 31.10.2016 -ൽ മറുപടിക്ക്.

## പെട്രോൾ പമ്പുകളിൽ നിന്നും ലഭിക്കുന്ന ഇന്ധനത്തിൽ മായം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഇന്ധനത്തിൽ മായം ചേർക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ ഇത്തരത്തിൽ മായം ചേർക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; | |
| (സി) ഉപഭോക്താവിന് പെട്രോൾ പമ്പുകളിൽ നിന്നും ലഭിക്കുന്ന ഇന്ധനത്തിന്റെ പരിശുദ്ധി പരിശോധിച്ച് ബോധ്യപ്പെടാൻ നിലവിൽ എന്ത് സംവിധാനമാണുള്ളത്; ഇത് കാര്യക്ഷമമാണോ; വിശദമാക്കാമോ ; | (സി) എല്ലാ പെട്രോൾ പമ്പുകളിലും ഉപഭോക്താക്കൾക്ക് പെട്രോളിന്റെയും ഡീസലിന്റെയും ഗുണപരിശോധന നടത്തുവാനുള്ള പ്രക്രിയ രേഖപ്പെടുത്തിയ ബോർഡുകൾ പ്രദർശിപ്പി ച്ചിട്ടുണ്ട് എന്നും വിൽപ്പനക്കാർ ദിനം തോറും ഗുണപരിശോധന നടത്താറുണ്ട് എന്നും ഇത് കൂടാതെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എണ്ണക്കമ്പനികൾ പതിവ് പരിശോധനകൾ നടത്തുകയും പമ്പുകളിൽ നിന്നും ശേഖരിക്കുന്ന സാമ്പിളുകൾ ലബോറട്ടറികളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പ് വരുത്തു കയും ചെയ്യുന്നുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത മേഖലയിൽ ഇത്തരം പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ ഏതെല്ലാം ; ജില്ലാ തലത്തിൽ/താലൂക്ക് തലത്തിൽ അത് ആരെല്ലാം; വിശദമാക്കാമോ ? | (ഡി) ഭക്ഷ്യ പൊതു വിതരണ വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ റാങ്കിൽ കുറയാത്ത തസ്തികയിലുള്ള ഉദ്യോഗസ്ഥർക്കും, ജില്ലാ കളക്ടർക്കും, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്/ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ എന്നീ ഉദ്യോഗസ്ഥർക്കും പെട്രോൾ പമ്പുകൾ പരിശോധിക്കുവാനുള്ള അധികാരം ഉണ്ട്. ഇതു കൂടാതെ എണ്ണക്കമ്പനി ഉദ്യോഗസ്ഥന്മാർ കൃത്യമായ പരിശോധനകൾ നടത്തുകയും എല്ലാ എണ്ണക്കമ്പനികളുടെയും ആന്റി അഡൾട്ടറേഷൻ സെൽ മിന്നൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിക്കുകയും ചെയ്യാറുണ്ടെന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ